DESPATCHED
On...15/02/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം

ഹർജി നമ്പർ എ.പി. 1646(3)/2020/എസ്.ഐ.സി.

ഉത്തരവ് തീയതി : 19.01.2021

സന്നിഹിതൻ

ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ

ശ്രീ വി.എസ്. രജികുമാർ,
ഗ്രീൻവാലി ചാലകുന്ന് പി.ഒ,
കോട്ടയം – 686001. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ധനകാര്യ (ഇൻഫർമേഷൻ) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
ധനകാര്യ (ഇൻഫർമേഷൻ) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 04.05.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 27.05.2020 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 22.06.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 03.07.2020 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 03.11.2020 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 10.11.2020 |

## ഉത്തരവ്

19.01.2021 – ന് കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജിയിൽ സമർപ്പിക്കപ്പെട്ട രേഖകളും, ഹർജിക്കാരനും എതിർകക്ഷിയും ഓഡിയോ കോൺഫറൻസ് മുഖേന കമ്മീഷൻ മുമ്പാകെ നൽകിയ വിശദീകരണവും വിശദമായി പരിശോധിച്ച് അന്നേ ദിവസം തന്നെ താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.



RIGHT TO INFORMAT

2. ശ്രീ.വി.എസ്.രജികുമാർ തനിക്ക് ലഭിച്ച റേഷ്യോ പ്രമോഷന്റെ പ്രാബല്യ തീയതിയായ 18.12.2013 മുതലുള്ള കുടിശ്ശിക ശമ്പളം അനുവദിച്ചുകിട്ടുന്നതിനുള്ള നടപടികൾക്കായി ധനകാര്യ വകുപ്പിലേയ്ക്ക് സമർപ്പിച്ച നിവേദനത്തിന് യാതൊരു മറുപടിയും ലഭിക്കാതിരുന്ന സാഹചര്യത്തിൽ അതുമായി ബന്ധപ്പെട്ട ചില വിവരങ്ങൾ അറിയുന്നതിനായാണ് ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ ധനകാര്യ (റൂൾസ്) വകുപ്പ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് (എസ്.പി.ഐ.ഒ) ഈ അപ്പീൽ ഹർജിയ്ക്ക് ആധാരമായ വിവരാവകാശ അപേക്ഷ സമർപ്പിച്ചത്. ടി വിവരാവകാശ അപേക്ഷയിൽ ടിയാൻ രണ്ട് വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നത്. അത് താഴെ പറയുന്നവയാണ്.

i. റേഷ്യോ പ്രമോഷന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്ന ശമ്പളത്തിന്റെ കുടിശ്ശികയ്ക്ക് 19.10.2007 ലെ ജി.ഒ.(പി)നമ്പർ.515/2007/ഫിൻ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമാണോ?, ആണെങ്കിൽ അക്കാര്യം പ്രതിപാദിക്കുന്ന ഉത്തരവിന്റെ പകർപ്പ്.

ii. 07.01.2020 ലെ ഹർജിക്കാരന്റെ അപേക്ഷ അടങ്ങുന്ന ഫയലിന്റെ പകർപ്പ്.

ആയതിന് എസ്.പി.ഐ.ഒ നൽകിയ മറുപടി 19.10.2007 ലെ ജി.ഒ.(പി) നമ്പർ.515/2007/ഫിൻ ഉത്തരവ് പ്രകാരം ചുമതലാ വ്യത്യാസം ഇല്ലാത്ത സ്ഥാനക്കയറ്റങ്ങളെ തുടർന്നുള്ള കുടിശ്ശിക അനുവദിയ്ക്കുന്ന വിഷയത്തിൽ ഉത്തരവ് തീയതിക്ക് മുമ്പുള്ള ഒരു വർഷത്തേയ്ക്കുള്ള കുടിശ്ശികയ്ക്കാണ് അർഹതയെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും, റേഷ്യോ പ്രമോഷൻ ചുമതലാ വ്യത്യാസം ഇല്ലാത്ത സ്ഥാനക്കയറ്റമായതിനാൽ 19.10.2007 ലെ ജി.ഒ.(പി) നമ്പർ.515/2007/ഫിൻ ഉത്തരവ് ടി പ്രമോഷന് ബാധകമാണെന്നുമാണ്. കൂടാതെ രണ്ടാമത്തെ പിരിവിലൂടെ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ രേഖകളുടെ പകർപ്പ് ലഭിക്കുന്നതിന് അടയ്ക്കേണ്ട ഫീസിന്റെയും, തുക അടയ്ക്കേണ്ട രീതിയും അറിയിക്കുകയും ചെയ്തിരിക്കുന്നു. എസ്.പി.ഐ.ഒയുടെ മറുപടിക്കെതിരെ ഹർജി

ക്കാരൻ ഒന്നാം അപ്പീൽ സമർപ്പിച്ചെങ്കിലും വിവരാവകാശ നിയമപ്രകാരം ഒരു പൊതു അധികാരിയുടെ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ് വിവരാവകാശം ജനങ്ങൾക്ക് നൽകുന്ന അവകാശമെന്നും, വിശദീകരണങ്ങൾ, വ്യാഖ്യാനങ്ങൾ മുതലായവ ആവശ്യപ്പെടുക, അഭിപ്രായങ്ങൾ തേടുക എന്നിവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നവയല്ലെന്നുമുള്ള അഭിപ്രായം രേഖപ്പെടുത്തികൊണ്ട് ഒന്നാം അപ്പീൽ അധികാരി അപ്പീൽ തീർപ്പാക്കുകയാണ് ചെയ്തത്. ഒന്നാം അപ്പീൽ അധികാരിയുടെ ടി ഉത്തരവിനെതിരെയാണ് ശ്രീ.വി.എസ്.രജികുമാർ ഈ അപ്പീൽ ഹർജി കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്നത്.

3. റേഷ്യോ പ്രമോഷന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്ന ശമ്പളത്തിന്റെ കുടിശ്ശികയ്ക്ക് 19.10.2007 ലെ ജി.ഒ.(പി) നമ്പർ.515/2007/ഫിൻ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമാണെങ്കിൽ അക്കാര്യം പ്രതിപാദിക്കുന്ന ഉത്തരവിന്റെ പകർപ്പ് ആവശ്യപ്പെട്ടതിന് അത് ലഭിച്ചില്ലെന്നാണ് ഹർജിക്കാരന്റെ ഈ അപ്പീൽ ഹർജിയിലെ ആക്ഷേപം. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കണമെങ്കിൽ ടിയാൻ സൂചിപ്പിച്ച 19.10.2007 ലെ ജി.ഒ.(പി) നമ്പർ.515/2007/ഫിൻ എന്ന സർക്കാർ ഉത്തരവ് റേഷ്യോ പ്രമോഷന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്ന ശമ്പളത്തിന്റെ കുടിശ്ശികയ്ക്ക് ബാധകമാണോയെന്ന് എസ്.പി.ഐ.ഒ ആദ്യം മനസ്സിലാക്കണം. അതിനായി പ്രസ്തുത ഉത്തരവ് പഠിച്ചും വ്യാഖ്യാനിച്ചും ഉത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു. അപ്രകാരം എത്തിച്ചേരുന്ന ഉത്തരം "ബാധകമാണ്" എന്നാണെങ്കിൽ അക്കാര്യം പ്രതിപാദിക്കുന്ന ഉത്തരവിന്റെ പകർപ്പ് കണ്ടെത്തി അവ ലഭ്യമാക്കുകയും വേണം. വിവരാവകാശ നിയമപ്രകാരം ഏതെങ്കിലും രൂപത്തിൽ നിലനിൽക്കുന്ന വിവരങ്ങളാണ് വിവരാവകാശ അപേക്ഷകർക്ക് ലഭിക്കുവാൻ അവകാശമുള്ളത്. ഹർജിക്കാരന്റെ ചോദ്യത്തിൽ അടങ്ങിയ വിവരം നിലനിൽക്കുന്നുണ്ട്. എന്നാൽ അത് ടിയാൻ സൂചിപ്പിച്ച ഉത്തരവ് പഠിച്ചും വ്യാഖ്യാനിച്ചും മനസ്സിലാക്കി കണ്ടുപിടിയ്ക്കേണ്ടതാണ്. പഠിതാ

വിന്റെ വ്യാഖ്യാനത്തെ ആശ്രയിച്ചിരിക്കും ഉത്തരത്തിന്റെ സ്വഭാവം. ഹർജിക്കാരന്റെ ദീർഘമായ അപ്പീൽ ഹർജിയിൽ പൊതു വിവരാവകാശ ഓഫീസർ ടിയാൻ സൂചിപ്പിച്ച ഉത്തരവ് പഠിച്ച് മനസ്സിലാക്കിയതിൽ പറ്റിയ പോരായ്മയാണ് (ഹർജിക്കാരന്റെ കാഴ്ച്ചപാടിലുളള) ചൂണ്ടികാണിച്ചിരിക്കുന്നത്. ഹർജിയുടെ ആദ്യഭാഗത്തിൽ പറയുന്നത് "'..... റേഷ്യോ പ്രമോഷൻ ചുമതലാ വ്യത്യാസം ഇല്ലാത്ത സ്ഥാനക്കയറ്റമായതിനാൽ 19.10.2007 ലെ സ.ഉ.(പി) നമ്പർ.515/ധന ഉത്തരവ് ടി പ്രമോഷന് ബാധകമാണെന്ന് കാണിച്ച് വെറുതെ ഒരു മറുപടി നൽകുകയാണ് പൊതു വിവരാവകാശ ഓഫീസർ ചെയ്തിട്ടുളളത്" എന്ന്. അതായത് ഹർജിക്കാരൻ ഉദ്ദേശിച്ച രീതിയിൽ എസ്.പി.ഐ.ഒ പ്രസ്തുത ഉത്തരവിനെ അപഗ്രധനം ചെയ്തില്ലെന്ന അർത്ഥത്തിൽ. ഇത് നിശ്ചയമായും ഒരു സർക്കാർ ഉത്തരവിന്റെ വ്യാഖ്യാനം തേടുക തന്നെയായിരുന്നു. അപ്രകാരം വ്യാഖ്യാനം നടത്തി ഉത്തരം "ബാധകമാണ്" എന്ന് കണ്ടെത്തുകയാണെങ്കിൽ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കണമെന്നാണ് ടിയാന്റെ ആവശ്യം. ഇപ്രകാരം വ്യാഖ്യാനവും അപഗ്രധനവും നടത്തി വിവരങ്ങൾ മനസ്സിലാക്കി ലഭ്യമാക്കുക എന്നത് വിവരാവകാശ നിയമത്തിലെ 2(j) വകുപ്പിൽ നിർവചിച്ചിരിക്കുന്ന "വിവരാവകാശ" ത്തിന്റെ പരിധിയിൽ വരികയില്ല. ഈ കാര്യത്തിൽ ഒന്നാം അപ്പീൽ അധികാരിയുടെ തീർപ്പ് ശരിയായതിനാൽ അതിൽ ഇടപെടേണ്ട ആവശ്യമില്ലെന്ന് കണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം, 2021 ജനുവരി മാസം 19-ാം തീയതി തീർപ്പാക്കുന്നു.

ഒപ്പ്
**എസ്. സോമനാഥൻ പിളള**
**വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

JN

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *



RIGHT TO INFORMAT